# ശ്ലീഹാകാലം
## വചന വിചിന്തനം
### ശ്ലീഹാകാലം : നാലാം ഞായർ
### ലൂക്കാ 6.27 – 42

*"ശത്രുവിനെ ദ്വേഷിക്കാനും
ദ്രോഹിക്കുന്നവനോട് പ്രതികാരം ചെയ്യാനും
കരണത്തടിക്കുന്നവന്റെ തലയെടുക്കുകയെന്നതും
ലോകത്തിന്റെ സ്വാഭാവിക പ്രവണതയാണ്.
അവിടെ ക്രിസ്തു പഠിപ്പിക്കുന്ന ജീവിതശൈലി,
ശത്രുക്കളെ സ്നേഹിക്കുക; ദ്വേഷിക്കുന്നവർക്കു നൻമചെയ്യുക;
ശപിക്കുന്നവരെ അനുഗ്രഹിക്കുക."*

"മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെതന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ." പെരുമാറുമ്പോൾ ശ്രദ്ധിക്കേണ്ടത്, തിരിച്ചുകിട്ടും എന്നു പ്രതീക്ഷിക്കാതെ......

ക്രിസ്തുവിന്റെ ജീവിതശൈലിയുടെ അന്തസത്ത എന്താണ് എന്നു ചോദിച്ചാൽ വചനത്തിൽനിന്ന് കണ്ടെത്താവുന്ന ഉത്തരം ക്രിസ്തുവിന്റെ മലയിലെ പ്രഭാഷണമാണ്. ക്രിസ്തു പ്രസംഗിച്ചത് അവൻ ജീവിച്ചു; അവൻ ജീവിച്ചത് അവൻ പ്രസംഗിച്ചു. വി.മത്തായിയുടെ സുവിശേഷത്തിലെ മല യിലെ പ്രസംഗത്തിനു സമാന്തരമായി ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന പ്രഭാഷണമാണ് "തിൻമയെ നന്മകൊണ്ട് ജയിക്കുക..." എന്ന പേ രിൽ രേഖപ്പെടുത്തിയിരിക്കുന്ന 6 -ാം അധ്യായം 20 മുതൽ 49 വരെയുള്ള വാക്ക്യങ്ങൾ. ഈ വചനഭാഗത്തിന്റെ സാരാംശം ഇപ്രകാരം ചുരുക്കാം;

"ശത്രുക്കളെ സ്നേഹിക്കുക; നിങ്ങളെ ദ്വേഷിക്കുന്നവർക്കു നൻമചെയ്യുക; ശപിക്കുന്നവരെ അനുഗ്രഹിക്കുക; അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുക. ഒരു ചെകിട്ടത്ത് അടിക്കുവന് മറ്റേ ചെകിടുകൂടി കാണിച്ചു കൊടുക്കുക... മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെതന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ."

ഒരു തിരക്ക് പിടിച്ച ബസ്സിൽ യാത്ര ചെയ്തിരുന്ന യുവതിയുടെ അടുത്ത് കൈ നിറയെ ബാഗുകളും ആയി ഒരു വൃദ്ധ വന്നിരുന്നു. അവരും ബാഗുകളും കൂടിയായപ്പോൾ ഒട്ടും സ്ഥലം ഇല്ലാതെ ഞെരുങ്ങി ഇരിക്കേണ്ടി വന്നിരുന്ന യുവതിയുടെ അവസ്ഥ കപ്പോൾ വിഷമം തോന്നിയ എതിരെ ഇരുന്ന ഒരാൾ അവരോടു ചോദിച്ചു;

"നിങ്ങൾ എന്ത് കൊണ്ടാണ് പ്രതികരിക്കാത്തത്? ആ ബാഗുകൾ താഴെ വെക്കാൻ വൃദ്ധയോടു പറയാത്തത് എന്ത് കൊണ്ടാണ്?"

അപ്പോൾ ഒരു ചിരിയോടെ ആ യുവതി പറഞ്ഞു;

"ഇത്ര ചെറിയ ഒരു കാര്യത്തിന് ഞാൻ എന്തിനു ഇത്ര പ്രാധാന്യം കൊടുക്കണം? ദേഷ്യപ്പെടുകയോ, തർക്കിക്കുകയോ ചെയ്യണം? ഞാൻ അടുത്ത സ്റ്റോപ്പിൽ ഇറങ്ങുകയാണ്... ഞങ്ങൾ ഒരുമിച്ചുള്ള ഈ യാത്ര ഇനി അൽപ ദൂരം മാത്രം..."

സത്യത്തിൽ ജീവിതത്തിലെ എന്ത് പ്രസക്തമായ ഒരു കാര്യം ആണ് ആ ഉത്തരത്തിലൂടെ യുവതി പറഞ്ഞു വെച്ചത്. സുവർണ്ണ ലിപികളിൽ കുറിക്കേണ്ടതുതന്നെയാണ് ആ സ്ത്രീ പറഞ്ഞുവച്ചത്. നമ്മൾ ഒരുമിച്ചുള്ള ഈ യാത്ര ഇനി

അൽപദൂരം മാത്രം എന്നിരിക്കെ ഒരു തർക്കത്തിന്റെയും വഴക്കിന്റെയും പ്രസക്തി എന്താണ്? നമ്മുടെ ഈ ജീവിതം എത്ര നശ്വരം ആണെന്നും, ചെറുതാണെന്നും വഴക്കുകൾ കൊണ്ടോ, അനാവശ്യ തർക്കങ്ങൾ കൊണ്ടോ, നന്ദികേടുകൊണ്ടോ, ആരോടും ക്ഷമിക്കാതിരിക്കുന്നത് കൊണ്ടോ ഇരുൾ പരത്തേണ്ട ഒന്നല്ല അതെന്നും നമ്മൾ ഓരോരുത്തരും തിരിച്ചറിയണം. ക്രിസ്തു പറയുന്നതുപ്പോലെ, “നിങ്ങളുടെ ഹൃദയം ആരെങ്കിലും തകർത്തുവോ? അവരോടു ക്ഷമിക്കൂ, കാരണം ഒരുമിച്ചുള്ള ഈ യാത്ര ഇനി അൽപ ദൂരം മാത്രം! നിങ്ങളെ ആരെങ്കിലും അപമാനിച്ചോ? ചതിച്ചോ? നാണം കെടുത്തിയോ? വിഷമിക്കണ്ട, ഒരുമിച്ചുള്ള ഈ യാത്ര ഇനി അൽപ ദൂരം മാത്രം എന്നോർത്താൽ മതി!”

മനസ് മുഴുവൻ നന്ദിയും സ്നേഹവും മാധുര്യവും കൊണ്ട് നിറക്കുക. കാരണം, നന്ദി ഒരു അനുഗ്രഹം ആണ്. ഭീരുക്കൾക്കോ, മനസ്സിൽ തിന്മ നിറഞ്ഞവർക്കോ കിട്ടാത്ത ഒന്ന്! അതുകൊണ്ടുതന്നെ, ഉള്ള കാലം നമുക്ക് സന്തോഷത്തോടെ, സ്നേഹത്തോടെ, നന്ദിയോടെ പരസ്പരം മാപ്പ് കൊടുത്തു കൊണ്ട്, തെറ്റുകൾ പൊറുത്തു കൊണ്ട് മുന്നോട്ട് പോകാം. കാരണം, തിരിച്ചു പോക്കില്ലാത്ത, എപ്പോൾ ആര് ഏതു സ്റ്റോപ്പിൽ ഇറങ്ങുമെന്നു മുൻകൂട്ടി പ്രവചിക്കാൻ ആവാത്ത ഈ യാത്ര ഇനി അൽപദൂരം മാത്രം!

"ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ..." (ലൂക്കാ 6,28) ശപിക്കുന്നവരെ അനുഗ്രഹിക്കണമെങ്കിൽ ക്രിസ്തുവിനോളം വലുതാകേണ്ടിയിരിക്കുന്നു!

“മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെതന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ” (ലൂക്കാ 6,31). ക്രിസ്തുവിന്റെ പഠനത്തിന്റെ ശൈലി ഒന്നു ശ്രദ്ധിക്കുക. അവൻ പഠിപ്പിക്കുന്നത് എന്ത് ചെയ്യരുത് എന്നല്ല. മറിച്ച്, എന്ത് ചെയ്യണം എന്നാണ്. ശത്രുക്കളെ സ്നേഹിക്കുക... നിങ്ങളെ ദ്വേഷിക്കുന്നവർക്കു നൻമചെയ്യുക... ശപിക്കുന്നവരെ അനുഗ്രഹിക്കുക... അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുക... ഒരു ചെകിട്ടത്ത് അടിക്കുവന് മറ്റേ ചെകിടുകൂടി കാണിച്ചു കൊടുക്കുക... മേലങ്കി എടുക്കുവനെ കുപ്പായംകൂടി എടുക്കുന്നതിൽ നിന്നു തടയരുത്.... നിന്നോടു ചോദിക്കുന്ന ഏതൊരുവനും കൊടുക്കുക... നിൻെറ വസ്തുക്കൾ എടുത്തുകൊണ്ടുപോകുന്നവനോടു തിരിയെ ചോദിക്കരുത്... ചുരിക്കത്തിൽ, “മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെതന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ...” ക്രിസ്തു സുവിശേഷത്തിലൂടെയും ജീവിതത്തിലൂടെയും വ്യക്തമാക്കിയ സുവർണ്ണനിയമം ഇതാണ്. സ്വർഗ്ഗം സ്വന്തമാക്കാൻ എന്ത് ചെയ്യരുത് എന്നല്ല. മറിച്ച്, സ്വർഗ്ഗം സ്വന്തമാക്കാൻ എന്ത് ചെയ്യണം എന്നുള്ളതാണ്!

ക്രിസ്തു പഠിപ്പിക്കുന്ന ശ്രദ്ധേയമായ പഠനം “നിങ്ങൾ ശത്രുക്കളെ സ്നേഹിക്കുവിൻ” എന്നുള്ളതാണ്. തിരിച്ചു കിട്ടും എന്നു പ്രതീക്ഷിക്കാതെ മറ്റുള്ളവർക്കു നൻമചെയ്യുകയും വായ്പ കൊടുക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾ അത്യുന്നതൻെറ പുത്രൻമാരായി ഗണിക്കപ്പെടുകയും ചെയ്യും എന്നുപറഞ്ഞിട്ട് അതിനെ സാധൂകരിക്കാൻ ക്രിസ്തു എടുത്ത് വയ്ക്കുന്നത് തന്റെ പിതാവിന്റെ ജീവിതശൈലിയാണ്. തന്റെ പിതാവ് നന്ദിഹീനരോടും ദുഷ്ടരോടും കരുണ കാണിക്കുന്നു. അത്യുന്നതൻ പാപിയെന്നോ പുണ്യവാനെന്നോ നോക്കിയല്ല മഴയും വെയിലും സമ്മാനിക്കുന്നത്. അതുകൊണ്ട്, “നിങ്ങളുടെ പിതാവ് കരുണയുള്ള വനായിരിക്കുന്നതുപോലെ

നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6,36).

ഒന്നുറപ്പാണ്, പിതാവായ ദൈവത്തിന്റെ കരുണ സ്വന്തമാക്കുന്നവർ സ്വർഗ്ഗരാജ്യം സ്വന്തമാക്കും. പിതാവായ ദൈവത്തിന്റെ പരിപൂർണതയിലേയ്ക്കാണ് ക്രിസ്തു നമ്മളെ ക്ഷണിച്ചിരിക്കുന്നത്. കാരണം, വചനം സാക്ഷ്യപ്പെടുത്തുന്നു, "നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ" (മത്താ 5,48). പിതാവായ ദൈവത്തിന്റെ പരിപൂർണത അവന്റെ കരുണയുടെ മുഖം തന്നെയാണ്. 'കരുണ' ഏവർക്കും വേണം. എന്നാൽ, പങ്കുവയ്ക്കാൻ വലിയ താത്പര്യവുമില്ല. കരുണയുടെ വിളനിലം കുടുംബം തന്നെയാണ്. കരുണയെ പങ്കുവയ്ക്കാൻ കുടുംബത്തിൽ നിന്നുതന്നെ പഠിക്കേണ്ടിയിരിക്കുന്നു.

ജോലിക്ക് പോയി തിരിച്ചു വന്ന അമ്മയോട് കുഞ്ഞ് ചോദിച്ചു;

"നമ്മുടെ വീട്ടിലെ അലമാരയുടെ ചാവി എന്താ ജോലിക്കാരിയുടെ അടുത്ത് കൊടുക്കാത്തത്?"

അതിന് അമ്മ ഇപ്രകാരം മറുപടി പറഞ്ഞു;

"അവൾക്കു അത് കൊടുക്കാൻ പറ്റുമോ? അതിനുള്ളിൽ പണവും സ്വർണ്ണവുമെല്ലാം ഇരിക്കുന്നില്ലേ?"

കുഞ്ഞ് വീണ്ടും അമ്മയോട് ചോദിച്ചു;

"ആഭരണങ്ങളും, പണവും എന്താ അമ്മെ കൊടുക്കാത്തത്?"

അമ്മ വീണ്ടും കുഞ്ഞിന്റെ ചോദ്യത്തിന് ഉത്തരം പറഞ്ഞു;

"അതെല്ലാം കൊടുക്കാൻ പാടില്ല... ഇതെല്ലാം നമുക്ക് അത്യാവശ്യമായ സാധനങ്ങളാണ്. അതുകൊണ്ട്, ഇതെല്ലാം ജോലിക്കാരിയുടെ കൈയിൽ കൊടുക്കാൻ പാടില്ല"

ഏറ്റവും അവസാനം കുഞ്ഞ് ഏറ്റവും കൗതുകത്തോടെ താൻ ഒളിച്ചിച്ച് വച്ച ചോദ്യം അമ്മയോട് ചോദിച്ചു;

"അപ്പോൾ, എന്തിനാ അമ്മെ എന്നെ മാത്രം അവരുടെ കൈയിൽ കൊടുത്തിട്ടു പോകുന്നത്? നിങ്ങൾക്ക് എന്നെ ആവശ്യമില്ലേ?"

കുഞ്ഞിന്റെ ചോദ്യത്തിന് മുമ്പിൽ അമ്മയ്ക്ക് മറുപടി വന്നില്ല. പകരം കണ്ണുനീർ മാത്രം! ക്രിസ്തു ഓർമ്മപ്പെടുത്തുന്നു, "നിങ്ങളുടെ പിതാവ് കരുണയുള്ള വനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6,36). കരുണ സ്വീകരിക്കുന്നതിനേക്കാൾ അധികം പങ്കുവയ്ക്കാൻ സാധിക്കണം. കരുണയുടെ ഈറ്റില്ലം കുടുംബം തന്നെയാണ്!

"എൻെറ വാക്കു ശ്രവിക്കുന്ന നിങ്ങളോടു ഞാൻ പറയുന്നു, ശത്രുക്കളെ സ്നേഹിക്കുവിൻ" ശ്രവണം പ്രവർത്തി പഥത്തിലേയ്ക്ക് നയിക്കേണ്ടതിനാണ്!

"വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന,
ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം,
മാത്സര്യം, ഭിന്നത, വിഭാഗീയചിന്ത, വിദ്വേഷം, മദ്യപാനം,
മദിരോത്സവം ഇത്തരം പ്രവൃത്തികളിലേർപ്പെടുവർ ദൈവരാജ്യം
അവകാശപ്പെടുത്തുകയില്ല..."
ഗലാത്തി 5,20

ഫാ. ജോബി മേനോത്ത്
+91 944 7777 931